# Dakshina Kerala Jam-iyyathul Ulama

H.O. Kollam

---

ജുമുഅ പ്രഭാഷണം " **സമയദോഷമല്ല**"(11/11/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

---

يا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنْصابُ وَالْأَزْلامُ رِجْسٌ مِنْ عَمَلِ الشَّيْطانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ (٩٠ سورة المائدة)

ദുഃശ്ശകുനത്തെ കുറിച്ചാണ് കഴിഞ്ഞയാഴ്ച നാം സംസാരിച്ചത്. സ്വഫർ ചീത്ത മാസമല്ലെന്ന് വിശദീകരിക്കുകയുണ്ടായി.

- പ്രപഞ്ചവസ്തുക്കളെ വ്യത്യസ്ത അവസ്ഥകളിലാണ് അല്ലാഹു സൃഷ്ടിച്ച് സംവിധാനിച്ചിരിക്കുന്നത്. ചിലതിൽ ചില ഗുണങ്ങൾ കൂടുതലും ചിലതിൽ കുറവുമായിരിക്കും. ഉദാ: സൂര്യന് കൂടുതൽ പ്രകാശമുണ്ട്. സ്വയം പ്രകാശമാണത്. ചന്ദ്രന് സ്വയം പ്രകാശമില്ല. പ്രകാശം കുറവുമാണ്. നിറം/മണം/ആരോഗ്യം ഇവയിലെല്ലാം ഈ വ്യത്യാസം കാണാം. (ഉദാഹരണ സഹിതം വിശദീകരിക്കുക)
- ദിവസങ്ങളിലും ഈ ഏറ്റ വ്യത്യാസം സംവിധാനിക്കപ്പെട്ടിരിക്കുന്നു. ഉദാ: വെള്ളിയാഴ്ചയുടെ മഹത്വം മറ്റ് ദിവസങ്ങൾക്കില്ല.

عن أبي هريرة رضي الله عنه قال : قال رسول الله صلى الله عليه وسلم : خَيْرُ يَوْمٍ طَلَعَتْ عَلَيْهِ الشَّمْسُ يَوْمُ الْجُمُعَةِ ، فِيهِ خُلِقَ آدَمُ ، وَفِيهِ أُدْخِلَ الْجَنَّةَ ، وَفِيهِ أُخْرِجَ مِنْهَا(مسلم)

وعن أوس بن أوس : قال النبي صلى الله عليه وسلم قال : إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ (أبو داود)

- തിങ്കൾ, വ്യാഴം ദിവസങ്ങൾക്കും മറ്റ് ദിവസങ്ങളേക്കാൾ പ്രത്യേകതകളുണ്ട്.

عَنْ أَبِي قَتَادَةَ الْأَنْصَارِيِّ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ سُئِلَ عَنْ صَوْمِ الِاثْنَيْنِ فَقَالَ : فِيهِ وُلِدْتُ وَفِيهِ أُنْزِلَ عَلَيَّ(مسلم) عَنْ أَبِي هُرَيْرَةَ رضي الله عنه أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : تُعْرَضُ الْأَعْمَالُ يَوْمَ الِاثْنَيْنِ وَالْخَمِيسِ فَأُحِبُّ أَنْ يُعْرَضَ عَمَلِي وَأَنَا صَائِمٌ (ترمذي)

ഈ പ്രത്യേകത മറ്റ് ദിവസങ്ങൾക്കില്ല.

- മാസങ്ങൾക്കും ഈ ഏറ്റ വ്യത്യാസമുണ്ട്. (പുണ്യമാസമായ റമളാൻ കഴിഞ്ഞാൽ ഏറ്റവും അധികം നോമ്പ് പിടിച്ചിരുന്നത് ശഅ്ബാനിലായിരുന്നു)

عن عائشة رَضـ مَا رَأَيْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَكْثَرَ صِيَامًا مِنْهُ فِي شَعْبَانَ (بخاري)

- ഈ മഹത്വക്കൂടുതലും കുറവും തിരിച്ചറിയാനുള്ള വഴി അവ അല്ലാഹുവും റസൂലും വ്യക്തമാക്കലാണ്. നാം സ്വയം തീരുമാനിക്കേണ്ടതല്ല. ഒരു സമയം/ദിവസം/മാസം നന്മ കൂടിയതാണെന്ന് നബി(സ്വ) വ്യക്തമാക്കിയാൽ നമുക്കതിൽ സംശയിക്കാനേ പാടില്ല.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ(الحشر)

➢ **നുബുവ്വത്തിന്റേതല്ലാത്ത മറ്റ് വഴികളൊന്നും ദീനിൽ സ്വീകാര്യമല്ല.** ഉദാ: ഭാഗ്യ ദോഷം അറിയാൻ അറബികൾ പക്ഷികളെ പറത്തുമായിരുന്നു.

أَنَّهُمْ كَانُوا فِي الْجَاهِلِيَّةِ يَعْتَمِدُونَ عَلَى الطَّيْرِ فَإِذَا خَرَجَ أَحَدُهُمْ لِأَمْرٍ فَإِنْ رَأَى الطَّيْرَ طَارَ يَمْنَةً تَيَمَّنَ بِهِ وَاسْتَمَرَّ ، وَإِنْ رَآهُ طَارَ يَسْرَةً تَشَاءَمَ بِهِ وَرَجَعَ ، وَرُبَّمَا كَانَ أَحَدُهُمْ يُهَيِّجُ الطَّيْرَ لِيَطِيرَ فَيَعْتَمِدُهَا ، فَجَاءَ الشَّرْعُ بِالنَّهْيِ عَنْ ذَلِكَ (فتح الباري)

(=ജാഹിലിയ്യാ കാലക്കാർ ഭാഗ്യ ദോഷങ്ങൾ അറിയാൻ പക്ഷികളെ ആശ്രയിക്കുമായിരുന്നു. അവർ ഒരു വഴിക്ക് പുറപ്പെടുമ്പോൾ പക്ഷി വലത് ഭാഗത്തേക്ക് പറക്കുന്നത് കണ്ടാൽ ശുഭലക്ഷണമായി കണ്ട് യാത്ര തുടരും. ഇടത്തോട്ടായാൽ ദുഃശ്ശകുനമാണ്. യാത്ര മുടക്കും. ചിലപ്പോൾ ഇത് അറിയാനായി അവർ പക്ഷികളെ പറത്തുമായിരുന്നു. ദീൻ ഇതെല്ലാം നിരോധിച്ചു.)

➢ **ഇന്നും ഇങ്ങനെയൊക്കെ ധരിക്കുന്നവരുണ്ട്.** ഉദാ: പൂച്ച കുറുകെ കടക്കുക. ചിലരെ കണികാണുക. ചില പക്ഷികൾ ശബ്ദിച്ചാൽ നന്മവരും. ചില ശബ്ദങ്ങൾ ശകുനമാകും. പക്ഷികൾ കാർഡ് എടുക്കൽ, പിന്നിൽ നിന്ന് വിളിക്കൽ.. ശാസ്ത്രപുരോഗമനങ്ങൾക്കിടയിലും ഇത്തരം അന്ധവിശ്വാസങ്ങൾക്ക് കുറവില്ല. അഭ്യസ്തവിദ്യർ പോലും ഇതിന്റെയൊക്കെ പുറകെയാണ്.

➢ **ഇസ്ലാം ഈ അന്ധവിശ്വാസത്തെ എതിർക്കുകയാണ്.**

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : "لَا عَدْوَى وَلا طِيَرَةَ (مسلم)

لَاعَدْوَى= രോഗം സ്വയം പകരുകയില്ല. അല്ലാഹു വിചാരിക്കാതെ രോഗം പകരില്ല എന്നർത്ഥം.

وَلا طِيَرَةَ= ദുഃശ്ശകുനമില്ല. ഗുണദോഷങ്ങൾ അറിയാൻ പക്ഷികളെ ആശ്രയിക്കാൻ പാടില്ല എന്നർത്ഥം.

➢ **ഈ വിശ്വാസം പരലോക വിജയത്തെ ഇല്ലാതാക്കും.**

عَنْ أَبِي الدَّرْدَاءِ رَفَعَهُ " لَنْ يَنَالَ الدَّرَجَاتِ الْعُلَا مَنْ تَكَهَّنَ ، أَوِ اسْتَقْسَمَ ، أَوْ رَجَعَ مِنْ سَفَرٍ تَطَيُّرًا

تَكَهَّنَ =ജോത്സ്യന്മാരെ സമീപിക്കൽ. اسْتَقْسَمَ =ഭാഗ്യ ദോഷങ്ങൾ അറിയാനുള്ള വസ്തുക്കളെ ആശ്രയിക്കൽ

طلب القِسم بالكسر أي الحظِّ من خير وضِدِّه أي طلب معرفته (التحرير والتنوير)

ഇതാണ് മാഇദ 90-ന്റെ ഉദ്ദേശ്യം,

يا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنْصابُ وَالْأَزْلامُ رِجْسٌ مِنْ عَمَلِ الشَّيْطانِ

أو رجع من سفره تطيرا=ദുഃശ്ശകുനം വിചാരിച്ച് യാത്ര മുടക്കൽ)

➢ **സമയദോഷം പറഞ്ഞ് സമയത്തെ കുറ്റപ്പെടുത്തുന്നതും ദീൻ നിരോധിച്ചു.**

عن أبي هريرة رضي الله عنه أن رسول الله – صلى الله عليه وسلم قال: (قال الله تعالى: يُؤذيني ابن آدم؛ يسب الدهر، وأنا الدهر؛ بيدي الأمر، أقلب الليل والنهار) متفق عليه

➢ **സമയമല്ല ദോഷം വരുത്തുന്നത് അല്ലാഹുവാണ്.** ആർക്കെങ്കിലും എന്തെങ്കിലും വിഷമം തോന്നിയാൽ അല്ലാഹുവിൽ അഭയം പ്രാപിക്കുകയാണ് വേണ്ടത്.

عَنْ عُرْوَةَ بْنِ عَامِرٍ الْقُرَشِيِّ ، قَالَ :.....فَإِذَا رَأَى أَحَدُكُمْ مِنْ ذَلِكَ مَا يَكْرَهُ ، فَلْيَقُلِ : اللَّهُمَّ لا يَأْتِي بِالْحَسَنَاتِ إِلا أَنْتَ ، وَلا يَدْفَعُ السَّيِّئَاتِ إِلا أَنْتَ ، وَلا حَوْلَ وَلا قُوَّةَ إِلا بِكَ (ابودود)

ചുരുക്കത്തിൽ മാസവും ദിവസവും ശകുനമല്ല. അല്ലാഹുവും റസൂലും മോശമായി അറിയിച്ചതൊക്കെ മോശം. അല്ലാത്തവയെ ശകുനമാക്കേണ്ടതില്ല..

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ബുധനാഴ്ചകളിലും ലഭിക്കും (ഇ:അ)**